**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3089** **07-10-2025 - ൽ മറുപടിയ്ക്ക്**

**കല്പാറ ലിഫ്റ്റ് ഇറിഗേഷൻ സ്കീം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. കെ. എം. അഷ്‌റഫ്** | | **ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | മഞ്ചേശ്വരം മണ്ഡലത്തിലെ കല്പാറ ലിഫ്റ്റ് ഇറിഗേഷൻ സ്കീമിന്റെ മെക്കാനിക്കൽ പ്രവൃത്തികൾ കഴിഞ്ഞ ഒന്നര വർഷമായി മുടങ്ങിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | **ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത പദ്ധതിക്കുവേണ്ടി 60 HP-യുടെ Centrifugal Pump, Fully automatic star delta starter എന്നിവ 08-05-2025-ന് സൈറ്റിൽ വിതരണം ചെയ്തിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ പൈപ്പ് ലൈൻ പ്രവൃത്തികൾക്കുള്ള ദർഘാസ് കണ്ണൂർ പി ഡബ്ല്യൂ ഡി മെക്കാനിക്കൽ സബ് ഡിവിഷൻ കാര്യാലയത്തിൽ നിന്നും 4 തവണ ക്ഷണിച്ചെങ്കിലും ഒരു കരാറുകാരൻപോലും പങ്കെടുക്കുകയുണ്ടായില്ല. അഞ്ചാം തവണ ദർഘാസ് ക്ഷണിച്ചപ്പോൾ ഒരു കരാറുകാരൻ മാത്രം ബിഡ് സമർപ്പിക്കുകയുണ്ടായി. പ്രസ്തുത single bid അംഗീകരിക്കുന്നതിനുള്ള നടപടികൾ കോഴിക്കോട് പി.ഡബ്ല്യൂ.ഡി. മെക്കാനിക്കൽ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ സ്വീകരിച്ചുവരുന്നു. പ്രസ്തുത ബിഡ് അംഗീകരിച്ചാൽ പ്രവൃത്തി പൂർത്തീകരണ കാലാവധിക്കുള്ളിൽ തന്നെ പൂർത്തീകരണം നടത്താവുന്നതാണ്** |
| (ബി) | നിലവിൽ സിവിൽ, ഇലക്ട്രിക്കൽ പ്രവൃത്തികളുടെ പ്രൊക്വയർമെന്റ് ആന്റ് ഇൻസ്റ്റലേഷൻ ഒറ്റ ടെൻഡറായി നടപ്പിലാക്കുമ്പോൾ മെക്കാനിക്കൽ ലിഫ്റ്റ് ഇറിഗേഷൻ പ്രവൃത്തികളുടെ പ്രൊക്വയർമെന്റ് ആന്റ് ഇൻസ്റ്റലേഷൻ വേർതിരിച്ച് നടപ്പിലാക്കുന്നതിനുള്ള കാരണം വ്യക്തമാക്കുമോ; | (ബി) | **പ്രൈസ് സോഫ്റ്റ് വെയറിൽ ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ് composite tender സംവിധാനം നടപ്പിലാക്കിയിട്ടില്ലാത്തതിനാൽ സിവിൽ, ഇലക്ട്രിക്കൽ, മെക്കാനിക്കൽ എന്നീ വിഭാഗങ്ങളുടെ ടെൻഡർ ഒരുമിച്ച് നടപ്പിലാക്കുവാൻ സാധിക്കില്ല. വിവിധ വിഭാഗങ്ങൾ അതാത് വിഭാഗങ്ങളുടെ ടെൻഡറുകൾ നടപ്പിലാക്കുമ്പോൾ, വ്യത്യസ്ത കരാറുകാർ ടെൻഡർ എടുക്കുന്നതിനാൽ ഏതെങ്കിലും ഒരു വിഭാഗത്തിന് വീഴ്ച സംഭവിച്ചാലും അത് മൊത്തം പ്രവൃത്തിയെ പ്രതികൂലമായി ബാധിക്കുന്ന സാഹചര്യമാണുള്ളത്. നിലവിൽ മെക്കാനിക്കൽ വിഭാഗം മെക്കാനിക്കൽ സാധനങ്ങൾ procure ചെയ്ത് ആയത് സിവിൽ വിഭാഗം installation നടത്തിയാണ് പദ്ധതികൾ നടപ്പിലാക്കുന്നത്. സിവിൽ വിഭാഗത്തിന് installation ചെയ്യുന്നതിന് മറ്റൊരു കരാറുകാരനെ കണ്ടെത്തേണ്ട** |

| | | | |
|---|---|---|---|
| | | | **സാഹചര്യമാണുള്ളത്. കൂടാതെ നിലവിൽ മെക്കാനിക്കൽ വിഭാഗവും, ഇലക്ട്രിക്കൽ വിഭാഗവും പൊതുമരാമത്ത് വകുപ്പിന്റെ കീഴിലാണ് പ്രവർത്തിക്കുന്നത്. തൽഫലമായി പ്രവൃത്തികൾ നീണ്ടു പോകുന്ന സ്ഥിതിയാണുള്ളത്.** |
| (സി) | മെക്കാനിക്കൽ പ്രവൃത്തികളുടെ പ്രൊക്വയർമെന്റ് ആന്റ് ഇൻസ്റ്റലേഷൻ വേർതിരിച്ച് നടപ്പിലാക്കിയതുമൂലം സംസ്ഥാനത്ത് കാലതാമസം നേരിട്ട പ്രവൃത്തികളുടെ വിവരങ്ങൾ വിശദമാക്കാമോ; | (സി) | **മെക്കാനിക്കൽ പ്രവൃത്തികളുടെ പ്രൊക്യൂർമെന്റ് ആൻഡ് ഇൻസ്റ്റലേഷൻ എന്നിവയുടെ ടെണ്ടർ നടപടികൾ വേർതിരിച്ച് നടപ്പിലാക്കിയതിനാൽ പൂർത്തീകരിക്കാൻ കാലതാമസം നേരിട്ട പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.**<br><br>1. **General LIFT IRRIGATION – Reconstruction of Kalpara LI Scheme Pump House in Heroor village of Mangalpady Panchayath– General Civil Work in Kasaragod District.**<br>2. **Construction of Kulathada Sarvodaya Lift Irrigation Scheme in Thavinjal Panchayath, Wayanad District.**<br>3. **Construction of Pavannur Lift Irrigation Scheme in Kuttyattur Panchayath in Kannur District.**<br>4. **GENERAL-MI-PTA-PLAN-2023-24 Rehabilititation of LI schemes Poovakuzha LI scheme in Iraviperoor panchayath of Aranmula constituency - General civil work.**<br>5. **Providing irrigation facilities to Kidanganoor Puncha in Aranmula Panchayath in Aranmula constituency.** |
| (ഡി) | റെഗുലേറ്റർ പോലുള്ള വലിയ പ്രവൃത്തികളിൽ മെക്കാനിക്കൽ പാർട്ട് പ്രൊക്വയർമെന്റ് ആന്റ് ഇൻസ്റ്റലേഷൻ ഒറ്റ ടെൻഡറായി നടപ്പിലാക്കുന്നതുപോലെ ലിഫ്റ്റ് ഇറിഗേഷനിലും നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഡി) | **ലിഫ്റ്റ് ഇറിഗേഷൻ മെക്കാനിക്കൽ പ്രവൃത്തികളും റെഗുലേറ്റർ പോലുള്ള hydraulic structures -മായി ബന്ധപ്പെട്ട മെക്കാനിക്കൽ പ്രവൃത്തികളും തമ്മിൽ താരതമ്യം ചെയ്യാൻ കഴിയാത്തവയാണ്. കാരണം റെഗുലേറ്റർ പോലുള്ള hydraulic structures ചെയ്ത് പരിചയ സമ്പന്നരായ firms ൽ നിന്നുമാണ് ടെൻഡർ ക്ഷണിക്കപ്പെടുന്നത്.**<br><br>**എന്നാൽ ലിഫ്റ്റ് ഇറിഗേഷൻ പ്രവൃത്തികൾ ചെയ്ത് പരിചയമുള്ള സ്ഥാപനങ്ങൾ/ കോൺട്രാക്ടർമാർ എന്ന വ്യവസ്ഥ അല്ല ഡിപ്പാർട്ട്മെന്റ് സ്വീകരിച്ചിട്ടുള്ളത്. സാദാ സിവിൽ, ഇലക്ട്രിക്കൽ, മെക്കാനിക്കൽ പ്രവൃത്തികൾ ചെയ്യുന്ന, അംഗീകൃത ലൈസൻസ് ഉള്ള കോൺട്രാക്ടർമാരാണ് ലിഫ്റ്റ്** |

| | | | |
|---|---|---|---|
| | | | **ഇറിഗേഷൻ പദ്ധതിയുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ ടെൻഡറുകളിൽ പങ്കെടുക്കുന്നത്.**<br><br>**ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകളിൽ supply & installation ഒറ്റ ടെൻഡറായി നടപ്പിലാക്കുന്നതിന്റെ സാധ്യത പരിശോധിക്കാവുന്നതാണ്.** |

സെക്ഷൻ ഓഫീസർ